സ്വീകരിച്ചിട്ടില്ല. ഹൈക്കോടതി ശുപാർശ ലാപ്സ് ആയി എന്നുള്ള നിലയിൽ മുന്നോട്ടു പോകാതിരിക്കുകയാണ്. ഹൈക്കോടതി ആദ്യം കൊടുത്ത ശുപാർശയിൽനിന്ന് മാറ്റം യാതൊന്നും പുനരവലോകനം നടത്തിയിട്ടില്ല എന്നതുകൊണ്ടുതന്നെ ആ ശുപാർശ നിലനിൽക്കുന്ന സാഹചര്യത്തിൽ കുട്ടനാട്ടിലെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഈ മജിസ്ട്രേറ്റ് കോടതി മുൻസിഫ്/മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റാൻ യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ല. അതിനുവേണ്ടിയുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, യാത്രാ സൗകര്യം കുറവുള്ള ഒരു പ്രദേശമെന്ന നിലയിൽ കുട്ടനാട്ട് ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ഒരു മുൻസിഫ്/മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് 16-1-2001-ൽ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിരുന്നു. എന്നാൽ സാമ്പത്തിക പ്രതിസന്ധി കാരണം ആ നിർദ്ദേശത്തിൻമേൽ തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ അത്യാവശ്യമായ ഒരു കാര്യമായതുകൊണ്ട് ഗവൺമെന്റ് വളരെ അനുഭാവപൂർവ്വം പരിഗണിക്കും.

(4) അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നമ്മുടെ സംസ്ഥാനത്ത് അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരികയാണ്. പേ പിടിച്ച നായ്ക്കൾപോലും പൊതുവഴികളിലൂടെ സഞ്ചരിച്ച് നമുക്ക് ഭയം ഉണ്ടാക്കുന്ന സ്ഥിതിവിശേഷം വർദ്ധിച്ചുവരികയാണ്. ഇത് പല സ്ഥലങ്ങളിലും കാൽനട യാത്രക്കാർക്ക് യാത്ര ചെയ്യാൻ പറ്റാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. പല സ്ഥലങ്ങളിലും സ്കൂൾ കുട്ടികൾ പട്ടിയെ പേടിച്ച് പല ദിവസങ്ങളിലും സ്കൂളിൽ പോകാത്ത സാഹചര്യം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഇങ്ങനെയൊരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുമ്പോൾ വളരെ ഗുരുതരമായി ഇതിനെ സംസ്ഥാന സർക്കാർ കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പേ പിടിച്ച പട്ടികൾ അല്ലെങ്കിൽ പേ ഇല്ലാത്ത പട്ടികൾ കടിച്ചാൽ ആശുപത്രിയിൽ ചികിത്സയ്ക്കായി പോകുന്നവർക്ക് ഭീമമായ തുക ഇതിനുവേണ്ടി ചെലവാക്കേണ്ടിവരുന്നു. ഒരു കുത്തിവയ്പ്പിന് 400—500 രൂപ കൊടുക്കേണ്ടി വരുന്നു. കൃത്യമായി കുത്തിവയ്പ്പ് നടത്തിയാൽപ്പോലും പേ ബാധിച്ച സാഹചര്യമുണ്ടായിട്ടുണ്ട്. അങ്ങനെ പേ ബാധിച്ചു കഴിഞ്ഞാൽ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് ദയനീയമായ മരണം സംഭവിക്കുന്നതാണ്. കേന്ദ്ര നിയമം പട്ടിയെ കൊല്ലുന്നതിന് അനുകൂലമായിട്ടില്ല എന്ന് എനിക്കറിയാം. എങ്കിൽപ്പോലും നമ്മുടെ ഭീതികരമായ ഈ സാഹചര്യം കണക്കിലെടുത്ത് പൊതുവഴിയിൽ അലഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ച് ഏതെങ്കിലും സങ്കേതത്തിൽ കൊണ്ടിടുകയോ അതുപോലെ തന്നെ വളർത്തണമെന്നാണെങ്കിൽ ലൈസൻസ് കർക്കശമാക്കുകയും ചെയ്തുകൊണ്ട് ഈ സ്ഥിതിവിശേഷത്തിൽനിന്ന് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): 1960-ലെ Prevention of Cruelty to Animals Act പ്രകാരം നായ്ക്കളെ നശിപ്പിക്കുന്നത്. കുറ്റകരമാണെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ അംഗസംഖ്യ കുറയ്ക്കുന്നതിന് വന്ധീകരണം തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത് മൃഗസംരക്ഷണ വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ

10.00 A. M.]

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റേയും സംയുക്തമായ ചുമതലയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. Animal Birth Control Act നടപ്പിൽ വരുത്തുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുന്നതാണ്. ഈ പ്രശ്നത്തെ ഗവൺമെന്റ് ഗൗരവമായി കാണുന്നു. സഭയുടെ വികാരം പൂർണ്ണമായും കണക്കിലെടുത്ത് ബഹുമാനപ്പെട്ട സ്പീക്കറുടക്കം ഈ കാര്യത്തിൽ ഇടപെടണമെന്ന് പറഞ്ഞുകൊണ്ട് ഗവൺമെന്റ് സർക്കുലർ ഇറക്കിയെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ സമ്മർദ്ദത്തിനു വഴങ്ങി പിൻവലിക്കുകയാണുണ്ടായത്.

മി. സ്പീക്കർ: ഇത് ഈ ഹൗസിൽ വന്ന വികാരത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ഡയറക്ഷൻ ഉണ്ടായിരുന്നിട്ടുപോലും നായ്ക്കളെ കൊല്ലാനുള്ള അനുവാദം പഞ്ചായത്തിനു കൊടുത്തു. പക്ഷേ, Central Government has taken it very seriously. അത് ഗവൺമെന്റിനെതിരായി വളരെ സീരിയസായി എടുത്തപ്പോൾ രണ്ടാമത്തെ ആ ഓർഡർ കാൻസൽ ചെയ്യാൻ ഗവൺമെന്റ് നിർബന്ധിതമായി. ജനങ്ങൾക്ക് ഒരു നിർബന്ധവുമില്ല. ജനങ്ങൾക്ക് ഇഷ്ടംപോലെ ചെയ്യാം. ഗവൺമെന്റ് ഹെൽപ്പ്ലസ് ആണ്. അതുകൊണ്ട് ആളുകൾക്ക് വിട്ടിരിക്കുന്നു.

(5) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബീഡിത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. കുമാരൻ: കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സ്വകാര്യ ബീഡി തൊഴിലാളികളും സഹകരണ മേഖലയിലെ ദിനേശ് ബീഡി തൊഴിലാളികളും ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഏകദേശം രണ്ട് ലക്ഷത്തോളം തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന ബീഡി വ്യവസായത്തിൽ ദിനേശിൽ ആഴ്ചയിൽ മൂന്ന് ദിവസവും, സ്വകാര്യ ബീഡി വ്യവസായത്തിൽ ആഴ്ചയിൽ രണ്ട് ദിവസവും ആണ് തൊഴിൽ കിട്ടുന്നത്. ബീഡി തൊഴിലാളികളുടെ കുടുംബത്തിൽ ദാരിദ്ര്യവും പട്ടിണിയുമാണ്. അതുകൊണ്ട് ബീഡി തൊഴിലാളികളുടെ കുടുംബത്തിന് സൗജന്യ റേഷൻ അനുവദിക്കണമെന്നും തൊഴിൽ നിയമങ്ങൾ സ്വകാര്യ ബീഡി വ്യവസായത്തിൽ നിർബന്ധമായി നടപ്പിലാക്കണമെന്നും, ക്ഷേമനിധി ഏർപ്പെടുത്തണമെന്നും അതോടൊപ്പം ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്താൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കണമെന്നും ആവശ്യപ്പെടുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ബീഡി വ്യവസായം ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ബീഡിയുടെ ഉപഭോഗത്തിൽ വന്ന കുറവാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണം. ഉൽപ്പാദനം കുറയ്ക്കാൻ നിർബന്ധിതമായ സാഹചര്യമാണുണ്ടായിരിക്കുന്നത്. ദിനേശ് ബീഡിയടക്കം അതിന്റെ ഉൽപ്പാദനം 6 ദിവസത്തിൽനിന്ന് 5 ദിവസമായി ചുരുക്കിയിരിക്കുകയാണ്. കൂടുതലുള്ളത് മംഗലാപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേന്ദ്രങ്ങളിലാണ്. ബീഡിയും അതിന്റെ ഇലയും ചുക്കായുമൊക്കെ കൊടുത്ത് തെറുക്കുന്ന സംവിധാനമാണ് കാസർഗോഡ് ജില്ലയിൽ വ്യാപകമായിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഒരു ബീഡി-സിഗാർ വെൽഫയർ ഫണ്ടുണ്ട്. അതുപോലെ കേന്ദ്ര ബീഡി വെൽഫയർ ഫണ്ടുണ്ട്. ഇതിൽ രണ്ടിലുംകൂടി അവർക്ക് അംഗങ്ങളാകുന്നതിന് ഉടമകൾ തയ്യാറല്ല എന്ന നിലപാടാണ് അവർ എടുത്തിട്ടുള്ളത്. കൂടുതൽ കർശനമായി കാസർഗോഡ് ജില്ലയിൽ ഈ നിയമം നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഇതെല്ലാം അവർ മംഗലാപുരത്തും മറ്റു സ്ഥലങ്ങളിലേക്കും കൊണ്ടുപോകും. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly